## പതിമൂന്നാം കേരള നിയമസഭ
## അറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.1315** **13.12.2012 ലെ മറുപടിക്ക്**

## പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധന

| ചോദ്യം<br>ശ്രീ. കെ.അജിത് | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് കേന്ദ്ര സർക്കാരോ എണ്ണക്കമ്പനികളോ എത്ര തവണ വില വർദ്ധിപ്പിച്ചു; ഓരോ തവണയും എത്ര രൂപ വീതം വർദ്ധിപ്പിച്ചു; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിന് 6 തവണയും ഡീസലിന് 3 തവണയും വില വർദ്ധിപ്പിച്ചു.<br><br>പെട്രോൾ<br>14.05.2011 - 5 രൂപ/ലിറ്റർ<br>16.09.2011 - 3.14 രൂപ/ലിറ്റർ<br>04.11.2011 - 1.82 രൂപ/ലിറ്റർ<br>24.05.2012 - 6.28 രൂപ/ലിറ്റർ<br>24.07.2012 - 0.70 രൂപ/ലിറ്റർ<br>27.10.2012 - 0.29 രൂപ/ലിറ്റർ<br><br>ഡീസൽ<br>25.06.2011 - 3 രൂപ/ലിറ്റർ<br>14.09.2012 - 5 രൂപ/ലിറ്റർ<br>27.10.2012 - 0.20 രൂപ/ലിറ്റർ |
| (ബി) | ഈ വില വർദ്ധന നടപ്പാക്കിയ അവസരങ്ങളിൽ എത്ര തവണ സംസ്ഥാന സർക്കാർ സബ്സിഡി നൽകി; ഓരോ തവണയും എത്ര വീതം സബ്സിഡി നൽകി; ഇതുവഴി സംസ്ഥാന ഖജനാവിന് എത്ര രൂപ വീതം ബാധ്യത ഉണ്ടായി; | (ബി) & (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വർദ്ധനവ് വരുത്തുമ്പോൾ ആ വില വർദ്ധനവിന്മേലുള്ള അധിക നികുതി വേണ്ടെന്നുവയ്ക്കുകയും ഇതിനുവേണ്ടി റവന്യൂ ന്യൂട്രൽ റേറ്റിലുള്ള |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന സർക്കാർ നൽകിയ നികുതി ഇളവുകൾ ഇപ്പോഴും നില നിർത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പിൻ വലിച്ചതിന്റെ കാരണം എന്താണ്; | | നികുതി നിരക്ക് കണ്ടെത്തുകയും മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി വില വർദ്ധനവ് വരുമ്പോഴും കിട്ടത്തക്കവിധം നികുതി നിരക്ക് കുറച്ച് പുനഃക്രമീകരിക്കുകയും ചെയ്യുന്നു. ഇതിനാൽ വില വർദ്ധനവിന്റെ തുടർന്നുള്ള അധിക നികുതി ഉപഭോക്താവിലേക്ക് എത്തുന്നില്ല. അതുപോലെതന്നെ വിലയിൽ കുറവ് വരുത്തുമ്പോൾ മുമ്പ് കിട്ടിക്കൊണ്ടിരുന്ന നികുതി കിട്ടത്തക്കവിധം നികുതി നിരക്ക് വർദ്ധിപ്പിച്ച് ക്രമീകരിക്കുന്നു. 24.07.2012 ന് 70 പൈസ എണ്ണക്കമ്പനികൾ പെട്രോളിന്റെ ബേസിക് പ്രൈസിൽ വർദ്ധനവ് നടത്തിയപ്പോൾ നികുതി നിരക്കിൽ പുനഃക്രമീകരണം നടത്തിയിട്ടില്ല.<br>ഇത്തരത്തിൽ നികുതി നിരക്കിൽ വരുത്തുന്ന പുനഃക്രമീകരണം അല്ലാതെ സബ്സിഡിയൊന്നും നൽകിയിട്ടില്ല. |
| (ഡി) | പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വരുത്തിയ വിലവർദ്ധനവിനെതിരെ സംസ്ഥാന സർക്കാർ എതിർപ്പ് അറിയിക്കുകയോ ആയതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ? | (ഡി) | പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വരുത്തിയ വിലവർദ്ധനവിനെതിരെ സംസ്ഥാന സർക്കാർ എതിർപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ